**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1672** **14.07.2016-ൽ മറുപടിയ്ക്ക്**

**കർഷകരുടെ വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കൃഷി ആവശ്യത്തിനും ഡയറി ആവശ്യത്തിനുമുള്ള വൈദ്യുതി ചാർജ്ജ് നിരക്ക് യഥാക്രമം 60 പൈസയിൽ നിന്ന് 5.20 രൂപയായും 60 പൈസയിൽ നിന്ന് 2.70 രൂപയായും വർദ്ധിപ്പിച്ചത് കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) (ബി) & (സി) | മുൻ സർക്കാരിന്റെ കാലത്ത് ലോ ടെൻഷൻ കാർഷിക ഉപഭോക്താക്കളുടെ (നാണ്യവിളകൾ മാത്രം) വൈദ്യുതി ചാർജ്ജ് യൂണിറ്റൊന്നിന് 65 പൈസയിൽ നിന്ന് 5.20 രൂപയായും, ഡയറി വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് 65 പൈസയിൽ നിന്ന് 2.50 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 31.03.2016 ലെ കണക്കനുസരിച്ച് 4.75 ലക്ഷം വരുന്ന കാർഷിക ഉപഭോക്താക്കളിൽ ഈ രണ്ടു വിഭാഗങ്ങളിലും കൂടി ഏകദേശം 26,000 ഉപഭോക്താക്കൾ മാത്രമാണുള്ളത്. താരിഫ് വർദ്ധനവ് മൂലം ബുദ്ധിമുട്ടിലായ നാണ്യവിള കർഷകരിൽ, കാപ്പി കൃഷി ചെയ്യുന്ന ഉപഭോക്താക്കൾക്കും, ഭക്ഷ്യവിളകൾക്കൊപ്പം (ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ) നാണ്യവിളകൾ കൃഷിയിറക്കുന്നവർക്കും യൂണിറ്റൊന്നിന് 115 പൈസാ നിരക്കിൽ, വൈദ്യുതി 01.03.2016 മുതൽ നൽകി വരുന്നു. |
| (ബി) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക യായതുമൂലം കർഷകർക്ക് നൽകിയിട്ടുള്ള കണക്ഷൻ കട്ട് ചെയ്യുന്ന സാഹചര്യം നില നിൽക്കുന്നതിനാൽ കൃഷി നാശം മൂലം പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസകരമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലു ണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | വൈദ്യുതി ചാർജിന്റെ അമിത വർദ്ധന മൂലം കടക്കെണിയിലായ കർഷകരെ സഹായിക്കുന്ന തിനായി ഇതു വരെ സ്വീകരി ച്ചിട്ടുള്ള നടപടികൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ.**